LIBRARY ARCHIVES Kerala Legislative Assembly

സ്വയം തൊഴിൽ പദ്ധതികൾ

305 (994) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കുമോ ; പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

എംപ്ലോയ്മെന്റ് എക്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ട്:

1. കേരള സ്റ്റേറ്റ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് ("കെസ്റ്റു 1999")
2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ളബ്
3. ശരണ്യ സ്വയംതൊഴിൽ പദ്ധതി

പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളുടെയും സർക്കാർ ഉത്തരവിന്റെയും, ഭേദഗതി ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

മാടായി ഐ. ടി. ഐ.യിൽ പുതിയ ട്രേഡുകൾ

306 (995) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ. യിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; പുതുതായി ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് കൂടുതൽ ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മാടായി ഐ.ടി.ഐ.-യിൽ നിലവിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളാണ് നടത്തുന്നത്. ടി സ്ഥാപനത്തിൽ നിലവിലുള്ള ആർക്കിടെക്ചറൽ അസിസ്റ്റന്റ്-ന് പകരമായി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്നതിനും ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

സ്കിൽ ഡവലപ്മെന്റ് മിഷൻ

307 (996) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 28-3-2012-ൽ സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിച്ചു. ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് KASE-ന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly